ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിലേയ്ക്ക് പ്രത്യേക നിയമമുള്ളതായി ഞാൻ കരുതുന്നില്ല എന്നു പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: മിനിമം സ്ട്രെംത്ത് 50 ൽ കുറയരുതെന്ന് നിയമമുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ നിയമമുള്ളതായി അറിവിൽ പെട്ടിട്ടില്ല. പക്ഷെ ഉണ്ടായിരിക്കാം.

IMPORT OF FOODGRAINS

*666. [30] **Sri. Eapen Arakal:** Will the Hon'ble Minister for Food and Civil Supplies be pleased to state.—

(*a*) the tonnage of foodgrains (rice and wheat) imported through the Port of Alleppey after integration;

(*b*) how many Government godowns are there to stock the food grains at Alleppey; and;

(*c*) are private godowns hired by the Government for stocking the food grains at Alleppey; what amount is paid as rent for these private godowns?

Sri. Panampilli Govinda Menon:

(*a*) Foodgrains have not been imported through the port of Alleppey after integration;

(*b*) Eleven;

(*c*) 20. The amount of monthly rent paid for them is Rs. 1,759—4—2.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ആലപ്പുഴ തുറമുഖം ഗവൺമെണ്ടിന്റെ മറ്റു തുറമുഖങ്ങളേക്കാൾ മോശമാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ തോന്നുന്നില്ല. എന്നാൽ ഇപ്പോൾ പോർട്ടിൽ അറിവുരാത്തതുകൊണ്ട് ഇറക്കേണ്ട ആവശ്യവുമില്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: തുറമുഖങ്ങളിൽ വന്നുചേരുന്ന ഭക്ഷ്യധാന്യങ്ങൾ അതാതു സ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കുന്നതിനു മാത്രം ഫുഡ് അഡ്വൈസറി ബോർഡ് സംഘടിപ്പിക്കുന്നതിനു സെൻട്രൽ ഗവൺമെണ്ടിൽനിന്നും നിർദ്ദേശമുണ്ടായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ ഭക്ഷ്യധാന്യങ്ങളുടെ ഇറക്കുമതിതന്നെ നിന്നിയിരിക്കുകയാണ്.

സാഹിബ് ബഹദൂർ: എ. എം മുസ്തഫാ: ഗവൺമെണ്ട് ഗോഡൌൺസ് എവിടെയെല്ലാമുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസ് വേണം.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: മൊത്തക്കച്ചവടക്കാരെ മാറ്റിയിട്ട് ഗവൺമെണ്ടിൽനിന്നു ഡിസ്ട്രിക്ടം തുടങ്ങാൻ വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ആവശ്യമായി വന്നേയ്ക്കാം.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ആലപ്പുഴ പ്രൈവറ്റ് ഗോഡൌൺസ് എടുക്കണമെന്നു വിചാരിച്ചതു ഗവൺമെണ്ടിനു ഗോഡൌൺസ് ഇല്ലാത്തതുകൊണ്ടല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ആയിരിക്കണമല്ലോ.

കുന്നത്തുനാട് ഗ്ലാസ് ഫാക്ടറി.

*൬൭൭. (൨൫) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ലേബർമന്ത്രി സദയം മറുപടി നൽകുമോ.—

കുന്നത്തുനാട് താലൂക്കിലുള്ള ഗ്ലാസുഫാക്ടറി, ബഹുമാനപ്പെട്ട മന്ത്രി സന്ദർശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവിടെ ഗ്ലാസുണ്ടാക്കുന്ന ഫർണസിന്റെ ചൂട് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

ഉണ്ട്. അവിടെ ഫർണസിനു വളരെ ചൂടുണ്ടെന്ന് എനിക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly